ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ജലവിഭവ വകുപ്പ് സമർപ്പിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രോജക്ടുകൾ

145 (2425) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ RIDF-21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് ജലവിഭവ വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏര്യം പുഴയ്ക്ക് കുറുകെ പൂരക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ RIDF-21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്യാശ്ശേരി മണ്ഡലത്തിലെ താഴെപ്പറയുന്ന നാല് പ്രോജക്ടുകളുടെ പ്രൊപ്പോസൽ ലഭ്യമായെങ്കിലും സെക്കറൽ അലോക്കേഷന്റെ അപര്യാപ്തത മൂലം നബാർഡ് RIDF-21-ൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

1. കണ്ണപുരം പഞ്ചായത്ത് കയറ്റിയിൽ മുക്കോല എന്ന സ്ഥലത്ത് ഉപ്പുവെള്ളം പ്രതിരോധിക്കാനുള്ള എർത്തേൺ ബണ്ടിന്റെ നിർമ്മാണം - 42.00 ലക്ഷം രൂപ

2. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽ കാപ്പ് റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തി - 104.65 ലക്ഷം രൂപ

3. ചെറുകുന്ന് പഞ്ചായത്തിലെ ഗവൺമെന്റ് ആയുർവ്വേദ ഹോസ്പിറ്റലിന് സമീപം R.S.No. 122-ൽ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണം - 53.00 ലക്ഷം രൂപ

4. കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവവും അനുബന്ധ വില്ലേജുകൾക്കുംവേണ്ടി ബാക്കിയുള്ള വിതരണ ശൃംഖലയുടെ ഒന്നാംഘട്ട കടിവെള്ള പദ്ധതിക്കുവേണ്ടി - 1390.37 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ജില്ലയിലെ പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഡിസൈൻ അപ്രൂവൽ ആയിട്ടുണ്ട്. 386.00 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ എസ്റ്റിമേറ്റ് (DPR) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കി വരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി RIDF-22-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

കനോലി കനാലിന്റെ അരികുവശം ഇടിഞ്ഞുവീണതുമൂലമുള്ള റോഡുകളുടെ അപകടാവസ്ഥ

146 (2426) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കനോലി കനാലിന്റെ അരികുവശം പലസ്ഥലങ്ങളിലും ഇടിഞ്ഞുവീണ് റോഡുകൾ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കനോലി കനാലിന്റെ ഇരുകരകളിലുമുള്ള ഇൻസ്പെക്ഷൻ റോഡുകൾ കോർപ്പറേഷൻ വിഭാഗം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുവാദം കൂടാതെയാണ് ഗതാഗത യോഗ്യമാക്കിയിട്ടുള്ളത്. കനാലിന്റെ ഇരുകരകളിലുമുള്ള പാർശ്വഭിത്തികൾ ഒന്നുംതന്നെ റോഡ് ഗതാഗതത്തിന് യോഗ്യമായ ബലമുള്ളവയല്ല. കനാലിന്റെ ഇരുകരകളിലുമുള്ള ഇൻസ്പെക്ഷൻ റോഡിലൂടെ ഭാരമേറിയ വാഹനങ്ങൾ പോകുന്നതുകൊണ്ടാണ് പാർശ്വഭിത്തി ഇടിയാൻ കാരണമാകുന്നത്. ഇ. കെ. കനാൽ ദേശീയ ജലപാതയായി ഉയർത്തിയിട്ടുള്ളതിനാൽ 14 മീറ്റർ എന്ന മാനദണ്ഡം പാലിച്ചുകൊണ്ട് മാത്രമേ പാർശ്വഭിത്തിയുടെ പുനർനിർമ്മാണത്തിന് അനുവാദം നൽകുവാൻ സാധിക്കുകയുള്ളൂ. കനാലിന്റെ 14 മീറ്റർ വീതി വരുന്ന ഭാഗങ്ങളിലെ പ്രവൃത്തികൾക്കുവേണ്ടി 170 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly